മലപ്പുറം ജില്ലയിലെ മിച്ചഭൂമി വിതരണത്തിൽ നടന്ന ക്രമക്കേട്

17 (3576) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മിച്ചഭൂമി വിതരണത്തിൽ എന്തെങ്കിലും ക്രമക്കേട് നടന്നതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിൽ വിവിധ വില്ലേജുകളിൽ നടന്ന മിച്ചഭൂമി വിതരണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. തിരൂരങ്ങാടി താലൂക്കിലെ ഒരു കേസിൽ പരാതി ലഭിച്ചതായി കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

വില്ലേജ് ഓഫീസുകളിൽ ടെലഫോൺ സൗകര്യം

18 (3577) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണ ജനങ്ങൾ ഏറ്റവുമധികം ബന്ധപ്പെടുന്ന വില്ലേജ് ഓഫീസുകളിൽ ടെലഫോൺ സൗകര്യം നൽകിയിട്ടില്ല എന്ന കാര്യം സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എല്ലാ വില്ലേജ് ഓഫീസുകളിലും ടെലഫോൺ സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സീതത്തോട് കേന്ദ്രമാക്കി പുതിയ വില്ലേജ് രൂപീകരിക്കാൻ നടപടി

19 (3578) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിലെ ചിറ്റാർ സീതത്തോട് വില്ലേജിന്റെ വിസ്തീർണ്ണം എത്രയാണ് ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടു പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു വില്ലേജ് മാത്രമാണ് ചിറ്റൂരിൽ പ്രവർത്തിച്ചു വരുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സീതത്തോട് കേന്ദ്രമായി ഒരു പുതിയ വില്ലേജ് രൂപീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 726 ചതുരശ്ര കിലോമീറ്റർ.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

കൈനകരി പഞ്ചായത്തിൽ വള്ളങ്ങളിൽ കുടിവെള്ളം വിതരണം ചെയ്ത തൊഴിലാളികൾക്ക് ദിവസക്കൂലി ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക

20 (3579) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തെ വരൾച്ചക്കാലത്ത് അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ കൈനകരി പഞ്ചായത്തിൽ വള്ളങ്ങളിൽ കുടിവെള്ളം വിതരണം ചെയ്ത തൊഴിലാളികൾക്ക് വള്ളക്കൂലി, ദിവസക്കൂലി ഇനത്തിൽ വൻതുക ഇനിയും കൊടുത്തു തീർക്കാനുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടിവെള്ള വിതരണത്തിന് ആവശ്യമായ തുക ഈ ജില്ലയ്ക്ക് അനുവദിച്ചിട്ടും ഇപ്രകാരം ഒരു വീഴ്ച സംഭവിക്കാനിടയായ സാഹചര്യങ്ങളെ കുറിച്ച് അന്വേഷിക്കുമോ ;

(സി) ഈ പ്രശ്നം പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അർഹമായ കൂലി നല്കിയിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

എം.പി.മാരുടെ ഫണ്ട് വിനിയോഗത്തിൽ തടസ്സം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

21 (3580) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലോക്സഭാ, രാജ്യസഭാ എം.പി.-മാരുടെ ഫണ്ട് വിനിയോഗിക്കുന്നതിൽ കളക്ടർമാരുടെ സേവനം യഥാവിധി ലഭിക്കുന്നില്ല എന്നതും, ഇതുമൂലം ഫണ്ട് ലാപ്സാകുന്ന സ്ഥിതി വരെ എത്തുന്നു എന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly